(സി) സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ ജൂനിയർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേഴ്സിനെ ഇപ്രകാരം ഗവൺമെൻറ് നിയമിച്ചത്;

(ഡി) അങ്ങനെയെങ്കിൽ ഉടനെ ഇവരെ സർവീസിൽ അബ്സോർബ് ചെയ്യുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് എഞ്ചിനീയറിംഗ് ബിരുദധാരികളെ ട്രെയിനിങ്ങിനായി സെലക്ട്ചെയ്തത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴിയായിരുന്നു. എന്നാൽ ചില ഡിപ്പാർട്ടുമെൻറുകളിൽ ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് ട്രെയിനിങ്ങിനായി സെലക്ട്ചെയ്തത് പബ്ലിക് സർവീസ് കമ്മീഷൻവഴിയാണ്. അപ്രകാരം പബ്ലിക് സർവീസ് കമ്മീഷൻ വഴി സെലക്ട്ചെയ്ത ട്രെയിനികളെയാണ് അതാത് ഡിപ്പാർട്ടുമെൻറുകളിൽ സ്ഥിരപ്പെടുത്തിയത്.

(സി) ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾവഴി ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ ട്രെയിനിംഗിനായി സെലക്ട് ചെയ്തപ്പോൾ സംവരണവ്യവസ്ഥകൾ പാലിച്ചിരുന്നു.

(ഡി) ഇവരെ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികൾക്കുള്ള രോഗപ്രതിരോധ പദ്ധതി

67 [105] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുള്ള രോഗപ്രതിരോധ നടപടി ഇതിനോടകം എത്ര ബ്ലോക്കുകളിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്;

(ബി) 1979–80 വർഷത്തിൽ എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ, ബി) കഴിഞ്ഞവർഷം (1978–79) 11 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 33 ബ്ലോക്കുകളിൽ കുട്ടികൾക്കുള്ള രോഗപ്രതിരോധ പദ്ധതി പ്രവർത്തനം ആരംഭിച്ചു. ഇക്കൊല്ലം (1979–80) ഈ പദ്ധതി മേൽപറഞ്ഞ 33 ബ്ലോക്കുകളിൽ തുടരുന്നതിനുപുറമേ കൂടുതലായി 33 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ പെരുമാറ്റച്ചട്ടം

68 [106] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യവകുപ്പിലെ പെരുമാറ്റച്ചട്ടം പരിഷ്കരിക്കുവാൻ ഗവൺമെൻറ് വല്ല കമ്മീഷനെയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത്;

(സി) കമ്മീഷൻറെ റിപ്പോർട്ടിലെ ഉള്ളടക്കം മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്

69 [107] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള പരിപാടികൾ എത്രത്തോളമായി;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ആസ്ഥാനം എവിടെയായിരിക്കും;

(സി) ഇതിൻറെ പ്രവർത്തനം എന്നു തുടങ്ങും;

(ഡി) ഇതിൻറെ നിർമ്മാണത്തിന് കേന്ദ്രസർക്കാരിൻറെ സാമ്പത്തിക സഹായം എന്തുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെൻറ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് പൂജപ്പുരയിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിനോടനുബന്ധിച്ചുള്ള ബിരുദാനന്തര പഠന കേന്ദ്രവും ചെറുതുരുത്തിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പൂജപ്പുരയിൽ പ്രവർത്തിക്കുന്ന റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും, ഫാർമകോഗ്നോസി യൂണിറ്റും, ബൊട്ടാണിക്കൽ ഗാർഡനും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ഫാർമക്കോളജി യൂണിറ്റും, തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജിൽ പ്രവർത്തിക്കുന്ന പബ്ലിക്കേഷൻ ഡിവിഷനും കൂടി ചേർത്ത് ഒരു യൂണിറ്റിൻറെ കീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. മേൽ കാണിച്ച എല്ലാ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നവയാണ്. ഇവ ഒരു കേന്ദ്രത്തിൻറെ കീഴിൽ കൊണ്ടുവരുന്നതിനുള്ള വിശദാംശങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെൻറുദ്യോഗസ്ഥൻമാർ ചർച്ചചെയ്യുകയും ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് ഇതിന് അനുമതി നൽകികഴിഞ്ഞു. കേന്ദ്രഗവൺമെൻറിൻറെ അനുമതികൂടി ലഭിച്ചാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൻറെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly